# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 225 26.02.2018-ൽ മറുപടിക്ക്**

<u>വെൺപകൽ ആശുപത്രി</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വെൺപകൽ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പി ഡബ്ല്യൂ ഡി നൽകിയ ഡി പി ആർ അനുസരിച്ച് എത്ര തുക ആണ് കെട്ടിടം പണി പൂർത്തീകരിക്കുന്നതിനു ചെലവാക്കുന്നത് എന്ന് വിശദീകരിക്കാമോ; | ബി) & സി) | പ്രസ്തുത ആശുപത്രിയ്ക്ക് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 1.60 കോടി രൂപകൊണ്ട് 2 നിലകളുടെ അടിസ്ഥാന നിർമ്മാണം പൂർത്തിയാക്കി- യിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വെൺപകൽ (സി.എച്ച്.സി) ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 2.35 കോടി രൂപയുടെ ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത പദ്ധതിയിൽ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുള്ളതിനാൽ വെൺപകൽ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| സി) | വെൺപകൽ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനു പി ഡബ്ല്യൂ ഡി നൽകിയ ഡി പി ആർ അനുസരിച്ച് തുക അനുവദിക്കുന്നതിനു തടസ്സം ഉണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ ; | | |
| ഡി) | ഈ ആശുപത്രിയുടെ കെട്ടിട നിർമ്മാണം ഏതു വർഷത്തിൽ ആണ് ആരംഭിച്ചത്? | ഡി) | പ്രസ്തുത ആശുപത്രിയുടെ കെട്ടിട നിർമ്മാണം 22.06.2014- ൽ ആരംഭിച്ചു. |

(signature)

**സെക്ഷൻ ഓഫീസർ**